സർ, അതുപോലെതന്നെ അവിടെ നിന്ന് വന്നവർക്ക് ലഭിച്ച വീടുകളിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമേയുള്ളൂ. അവയും ഇപ്പോൾ ഉപയോഗ ശൂന്യമായിരിക്കുകയാണ്. കാരണം, അന്ന് രണ്ടോ മൂന്നോ അംഗങ്ങൾ മാത്രമേയുണ്ടായിരുന്നുള്ളൂ. ആ കുടുംബത്തെ സംബന്ധിച്ചിടത്തോളം ഇന്ന് പത്തും പതിനഞ്ചും അംഗങ്ങളാണ് ഓരോ കുടുംബത്തിലുമുള്ളത്. അതു കൊണ്ട് സ്ഥലപരിമിതി ഒരു വലിയ പ്രശ്നമാണ്. അതുകൊണ്ട് അവർക്കുവേണ്ടി ഒരു ഭവനനിർമ്മാണ പദ്ധതിക്ക് രൂപം നൽകണമെന്നാണ് ആവശ്യപ്പെടാനുള്ള ത്. അതുപോലെതന്നെ പല കുടുംബങ്ങൾക്കുംകൂടി ഒരു വൈദ്യുതി മീറ്ററാണുള്ളത്. അത് അശാസ്ത്രീയമായ സംവിധാനമായതുകൊണ്ട് ഓരോ കുടുംബത്തിലും പ്രത്യേകം വൈദ്യുതി മീറ്റർ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, ശ്രീലങ്കയിൽ നിന്നുള്ള അഭയാർത്തികളുടെ ആശ്രിതരെ കുടുംബ കാർഡിൽ ഉൾപ്പെടുത്തുന്നതും അവർക്ക് ജോലി നൽകുന്നതും സംബന്ധിച്ച് ഇൻഡ്യാ ഗവൺമെന്റാണ് തീരുമാനമെടുക്കേണ്ടത്. കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് കുടുംബകാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത ആശ്രിതർക്ക് ജോലി ലഭിക്കാൻ അർഹതയില്ല. ഓരോ തൊഴിലാളിക്കും പ്രത്യേകം വീടുകൾ നൽകുന്നതിന് നട പടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ നിർമ്മാണം ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതാണ്. ഓരോ വീടിനും ഇലക്ട്രിസിറ്റി മീറ്റർ നൽകുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. ആയിരനെല്ലൂർ എസ്റ്റേറ്റിലെ എല്ലാ വീടുകൾക്കും കുളത്തുപ്പുഴ എസ്റ്റേറ്റിലെ രണ്ടു കോളനികൾക്കും പ്രത്യേക മീറ്റർ കണക്ഷൻ നൽകിക്കഴിഞ്ഞു. ബാക്കിയുള്ള കോളനികളിൽ പ്രത്യേക മീറ്റർ കണക്ഷനു വേണ്ടിയുള്ള പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജോലി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിനകം തന്നെ കുളത്തുപ്പുഴ എസ്റ്റേറ്റിൽ റബർ ഷീറ്റിംഗ് ഫാക്ടറി തുടങ്ങിക്കഴിഞ്ഞു. ഇതുമൂലം മുപ്പതു തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിഞ്ഞു. ഈ ഫാക്ടറി വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. അതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(8) വിമുക്തഭടക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

ശ്രീ. എം. മുരളി: സർ, വിമുക്ത ഭടന്മാർക്കുവേണ്ടി രാജ്യസൈനിക ബോർഡ് നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ അപര്യാപ്തമാണെന്ന് കേരളത്തിലെ വിമുക്തഭടന്മാർ നിരന്തരമായി പരാതി ഉന്നയിച്ചിരുന്നു. അതിനെത്തുടർന്ന് 1995-ൽ ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് ഒരു വിമുക്തഭട ക്ഷേമ കോർപ്പറേഷൻ നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ചു. ഈ കോർപ്പറേഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് അന്ന് ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. കഴിഞ്ഞ നാലുവർഷക്കാലമായി വിമുക്തഭടക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്; ഫലപ്രദമല്ല. രാജ്യസേവനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മുൻ സൈനികരുടെയും ഏറ്റവും ഒടുവിൽ കാർഗിലിലെ യുദ്ധഭൂമിയിൽ മരിച്ചുവീണ ധീര സൈനികരുടെയും കുടുംബാംഗങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണത്തിനു വേണ്ടിയുള്ള ആ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് കേരളത്തിലെ വിമുക്തഭടന്മാർ മുന്നോട്ടു വയ്ക്കുന്ന രണ്ട് ആവശ്യങ്ങൾ കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സൈനികർക്കും വിമുക്തഭടന്മാർക്കും അവരോട് ഈ സമൂഹം കാണിക്കേണ്ട ഒരു കരുണ അവരുടെ വീട്ടുകരം സൗജന്യമാക്കാൻ ഗവൺമെന്റ് നയപരമായ തീരുമാനമെടുക്കണം. അതൊടൊപ്പം തന്നെ സൈനിക സേവനമനുഷ്ഠിക്കുന്നവരുടെയും വിമുക്തഭടന്മാരുടെയും ഭവനങ്ങളിൽ ഔട്ട് ഓഫ് ടേൺ പ്രയോറിറ്റിയിൽ ഫോണിന്റെയും ഗ്യാസിന്റെയും കണക്ഷൻ കൊടുക്കാൻ, കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടണമെന്ന കാര്യം കൂടി ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, അദ്ദേഹം തന്നിട്ടുള്ള നോട്ടീസിൽ ടെലഫോണിന്റെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. അദ്ദേഹത്തിന്റെ നോട്ടീസ് എന്റെ കൈവശമുണ്ട് (നോട്ടീസ് കാണിച്ചു)

മി. സ്പീക്കർ : നോട്ടീസിലുള്ളതിന് മറുപടി പറയണം.

ശ്രീ. ഇ. കെ. നായനാർ : അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വേറെയും കാര്യങ്ങളുണ്ട്. നോട്ടീസ് പ്രകാരം എനിക്കു കിട്ടിയ കാര്യങ്ങളേ ഞാൻ പറയുന്നുള്ളൂ.

മി. സ്പീക്കർ : മറ്റേകാര്യം രണ്ടാമത് നമുക്ക് എടുക്കാം.

ശ്രീ. ഇ. കെ. നായനാർ : അദ്ദേഹത്തിന്റെ നോട്ടീസ് ഇവിടെയുണ്ട്. ആ നോട്ടീസ് വേണമെങ്കിൽ വായിക്കാം. വിമുക്തഭടന്മാർക്കുവേണ്ടി 50 ലക്ഷം രൂപ സർക്കാർ മൂലധനമുള്ള ഒരു ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്. യുദ്ധത്തിൽ മരിച്ചവരുടെ വിധവകൾ, ധീരതയ്ക്കുള്ള അവർഡ് നേടിയവർ എന്നിവർക്ക് മാത്രമേ ഇപ്പോൾ ടെലിഫോൺ കണക്ഷൻ ലഭിക്കുന്നുള്ളൂ. ബാക്കിയുള്ളവർക്കും ഈ കണക്ഷൻ കിട്ടണമെന്നാണ് എഴുതി തന്നിട്ടുള്ളത്. ഇതു വേറെയാണ് പ്രശ്നം. അതാണ് കുഴപ്പം. എഴുതി തന്നതിനേ എന്റെ കൈവശം മറുപടിയുള്ളൂ. അതാണ് വേറൊരു വിഷമം. 14-12-1995-ൽ ജി. ഒ. (എം. എസ്) 558/95 ജി. എ. ഡി. ഉത്തരവുപ്രകാരം കേരളസംസ്ഥാന വിമുക്തഭട ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചു. വിമുക്തഭടൻമാരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് തിരുവനന്തപുരം ആസ്ഥാനമായി ഒരു കോർപ്പറേഷൻ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. യുദ്ധത്തിൽ മരിച്ചവരുടെ വിധവകൾ, ധീരതയ്ക്കുള്ള അവാർഡ് നേടിയവർ അംഗഭംഗം സംഭവിച്ചവർ എന്നിവർക്കു മാത്രമേ ഇപ്പോൾ ടെലഫോൺ കണക്ഷൻ ലഭിക്കുന്നതിന് മുൻഗണനയുള്ളൂ. സൈനിക സേവനത്തിലിരിക്കുന്ന ജവാന്മാരുടെ കുടുംബങ്ങൾക്ക് ടെലഫോൺ കണക്ഷൻ ലഭിക്കാൻ അവരെക്കൂടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ഇതിനകം കേന്ദ്ര ടെലഫോൺ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവർക്ക് ഗ്യാസ് കണക്ഷൻ മുൻഗണനാക്രമം നൽകുന്ന കാര്യം പരിഗണിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥ പ്രകാരം ജവാൻമാരെയും വിമുക്ത ഭടന്മാരെയും വീട്ടുകരം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly